# കേരളീയരുടെ അന്തസ്സിന് വേണ്ടിയുള്ള ജയിൽപ്രവേശനം

ഐതിഹാസികമായ പ്ലാച്ചിമട സമരം നിർണ്ണായകവും ശ്രദ്ധേയവുമായ ഒരു പ്രത്യേകഘട്ട ത്തിൽ പ്രവേശിച്ചിരിക്കുകയാണ്. പ്ലാച്ചിമടക്കാർക്ക് പ്രത്യേകിച്ചും കേരളീയർക്ക് പൊതുവെയും പരിഹരിക്കാനാകാത്ത നഷ്ടങ്ങൾ വരുത്തിയ ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കുറ്റവാളി കമ്പനി നഷ്ടപരിഹാരം നൽകി പുറത്തുപോകുന്നതിന് വേണ്ടിയുള്ള കഴിഞ്ഞ 10 വർഷമായി തുടരുന്ന സമരം പ്ലാച്ചിമട കൊക്കക്കോള കമ്പനിയുടെ ആസ്തികൾ ജനാധികാരതത്വപ്രകാരം കണ്ടുകെട്ടുക എന്ന സമരരീതിയിൽ എത്തിനിൽക്കുന്നു. ഇതെഴുതുമ്പോൾ (ഡിസംബർ 17ന്) കൊക്കക്കോള കമ്പനിയുടെ ഭൂമിപിടിച്ചെടുത്ത 22 സമരപ്രവർത്തകർ ജാമ്യം നിഷേധിച്ച് ചിറ്റൂർ - പാലക്കാട് ജയിലുകളിലാണ്.

ഐകകണ്ഠേന കേരള നിയമസഭ പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂൺ ബിൽ രാഷ്ട്രപതി ഒപ്പിടുന്നതിന് തടസ്സമായി നിൽക്കുന്ന ശക്തികളാരെല്ലാമാണ്? ഇടത് - വലത് രാഷ്ട്രീയസഖ്യവും കേരളത്തിലെ എല്ലാ സംഘടനകളും സ്ഥാപനങ്ങളും സമൂഹവും പിന്തുണച്ചിട്ടും ഇനിയും താമസമെന്ത്? നമ്മുടെ കക്ഷിരാഷ്ട്രീയത്തിന്റെ വഞ്ചനയും കാപട്യവുമെന്ന് മാത്രം പറഞ്ഞാൽ മതിയോ? ബഹുരാഷ്ട്ര കുത്തകകളോടുള്ള ദാസ്യമനോഭാവം മാത്രമോ? കേരളത്തിലും കേന്ദ്രത്തിലും കോൺഗ്രസ് നേതൃത്വം നൽകുന്ന ഭരണമുണ്ടായിട്ടും എന്തുകൊണ്ട് ബിൽ യാഥാർത്ഥ്യമാകുന്നില്ല? കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന് ജനങ്ങളേക്കാൾ വലുത് കോളകമ്പനിയാണെന്ന്, കോളയുടെ തടസ്സവാദങ്ങൾ പരിഗണിച്ച് കേരളനിയസഭയുടെ തീരുമാനത്തിന് എതിര് നിൽക്കുന്നതിൽ നിന്നും മനസ്സിലാകുമ്പോൾ തുടർന്ന് എന്തുചെയ്യാനാകും? ആദിവാസികൾ ഉൾപ്പെട്ട സാധാരണ ജനങ്ങളുടെ ജലവും ജീവനും ഉപജീവനവും ആരോഗ്യവും അന്തസ്സും അഭിമാനവുമെല്ലാം പണയപ്പെടുത്താനാവാത്ത അമൂല്യനിധികളായതുകൊണ്ട് നമ്മൾ സ്വാധികാരം വീണ്ടെടുക്കുകയേ വഴിയുള്ളൂ. തദ്ദേശവാസികൾ ഉൾപ്പെട്ട സമരപ്രവർത്തകരും നീതിബോധത്താൽ ഐക്യദാർഢ്യപ്പെട്ട സാമൂഹികപ്രവർത്തകരും ജയിലിലേക്ക് പ്രവേശിച്ചത് നമ്മൾ കേരളീയരുടെയെല്ലാം സ്വാതന്ത്ര്യത്തിനും അന്തസ്സിനും സുസ്ഥിരതയ്ക്കും വേണ്ടിയാണ്. പ്ലാച്ചിമടയിൽ നിന്ന് തുടങ്ങിയ ഈ സമരം തുടരേണ്ടതുണ്ട്. സ്വന്തം ഗ്രാമത്തിൽ, നഗരത്തിൽ, തൊഴിലിടങ്ങളിൽ, വിവിധ സർക്കാർ സംവിധാനങ്ങളിൽ നമ്മൾ ഉടനടി ഇടപെടേണ്ടതുണ്ട്. രാഷ്ട്രീയപാർട്ടികളെയും ജനപ്രതിനിധികളേയും ജനങ്ങളെ അഭിമുഖീകരിക്കാൻ നിർബന്ധിതമാക്കേണ്ടതുണ്ട്. കാരണം പ്ലാച്ചിമട സമരം പ്ലാച്ചിമടകൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ വേണ്ടിയുള്ളതാണ്.

# ഡാം അസംബന്ധം നിർത്തുക

മുല്ലപ്പെരിയാർ ജലബോംബിന് പരിഹാരമായി, മറ്റൊരു പ്രശ്നമായ പുതിയൊരു ഡാം വരുന്നത് പുതിയൊരു ബോംബ് നിർമ്മിക്കുന്നതിന് തുല്യമാണ്. നിലവിലുള്ള ഡാമിന്റെ സുരക്ഷിതത്വം തീർച്ചയായും അടിയന്തിര പഠനമർഹിക്കുന്നു, പരിഹാരവും. പക്ഷെ മറ്റൊരു ദുരന്തം നിർമ്മിക്കുന്നത് എന്ത് ആൾക്കൂട്ട ഭീതിയുടെ പേരിൽ ആയിരുന്നാലും ന്യായീകരിക്കാൻ പറ്റാത്തതാണ്. രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും സർക്കാറുമൊക്കച്ചേർന്ന് നിർമ്മിച്ചെടുക്കുന്ന ഡാം അസംബന്ധം പതുക്കെയെങ്കിലും വിവേകത്തിലേക്കും സമചിത്തതയിലേക്കും അനുയോജ്യമായ തീരുമാനങ്ങളിലേക്കും സുരക്ഷിതമായ ജീവിതത്തിലേക്കും നമ്മെ നയിക്കേണ്ടതുണ്ട്. അതിന് പ്രാപ്തമായ ചില ചിന്തകൾ ഈ ലക്കം കേരളീയത്തിലുണ്ട്. നിക്ഷിപ്ത താത്പര്യങ്ങളാലും കാപട്യങ്ങളാലും തീർത്തും അവിശ്വസിക്കേണ്ട ഒരുവർഗ്ഗമായി ഒരുകൂട്ടം മലയാളികളായി മാറാതിരിക്കാൻ നമുക്ക് ഒരോരുത്തർക്കും വലിയ ഉത്തരവാദിത്തം ഇപ്പോഴുണ്ട്. അത് കക്ഷിരാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും അവരുടെ മോഹവലയത്തിൽപ്പെട്ട ആൾക്കൂട്ടങ്ങൾക്കും പണയപ്പെടുത്താതിരിക്കാൻ നമുക്ക് പ്രയത്നിക്കാം.